**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.എ.വൈ. - ശ്രീമതി.ഭവാനിയുടെ ഭർത്താവ് ശ്രീ.ശ്രീധരന് നൽകിയ ധനസഹായം ഒരു പ്രത്യേക കേസായി പരിഗണിച്ച് എഴുതി തള്ളുന്നതിന് അനുവാദം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം. 2737/14/തസ്വഭവ — തിരുവനന്തപുരം, തീയതി, 21.10.2014

==========================================================================

പരാമർശം: 1. ശ്രീമതി.ഭവാനി, മാലിയിൽ വീട് ആയാപറമ്പ്, കാർത്തികപ്പള്ളി താലൂക്ക്, ആലപ്പുഴ സമർപ്പിച്ച അപേക്ഷ.

2. സ.ഉ(സാധാ)നം.1544/14/പജപവവിവ തീയതി 17.09.2014.

## <u>ഉത്തരവ്</u>

പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി.ഭവാനി ജനസമ്പർക്ക പരിപാടിയിൽ പരാമർശം(1)പ്രകാരം അപേക്ഷിക്കുകയും പരാമർശം(2)ലെ സർക്കാർ ഉത്തരവുപ്രകാരം ശ്രീമതി.ഭവാനിക്ക് ഭവന രഹിത പുനരധിവാസ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവുവരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദിച്ചു നൽകിയിട്ടുള്ള ക്വാട്ടായിൽ ഉൾപ്പെടുത്തി നടപ്പുവർഷം ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുകയുണ്ടായി.

പരാമർശ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ശ്രീമതി.ഭവാനിയുടേത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീമതി.ഭവാനിയുടെ ഭർത്താവ് ശ്രീ.ശ്രീധരന് 2008-09 വർഷം ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിച്ച 35,000/- രൂപയുടെ ഭവനനിർമ്മാണ ധനസഹായം എഴുതി തള്ളുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രീമതി.ഭവാനി, മാലിയിൽ വീട്, ആയാപറമ്പ്, കാർത്തികപ്പള്ളി താലൂക്ക്, ആലപ്പുഴ ജില്ല.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ